## പതിനാലാം കേരള നിയമസഭ

### പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *166 — 10/03/2020-ൽ മറുപടിക്ക്

## വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.സി. ജോർജ്ജ് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യ വികസനത്തിന് കൂടുതൽ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തേക്കുള്ള റെയിൽ പാത നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. റയിൽ കണക്ടിവിറ്റിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് അംഗീകാരത്തിനായി ദക്ഷിണ റയിൽവേയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. ആയതിന് അംഗീകാരം ലഭിച്ചതിന് ശേഷം മാത്രമേ എത്ര ഭൂമി ഏറ്റെടുക്കേണ്ടിവരുമെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. |
| (ബി) | തുറമുഖവുമായി ബന്ധപ്പെട്ട വൈദ്യുതി, റോഡ്, ശുദ്ധജലവിതരണ സംവിധാനം എന്നിവയുടെ നിർമ്മാണ പുരോഗതി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | <u>വൈദ്യുതി:</u> തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വൈദ്യുതി ലൈനുകൾ പൂവാർ 33 കെ.വി സബ് സ്റ്റേഷനിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. തുറമുഖം പ്രവർത്തനക്ഷമമാകുമ്പോൾ ആവശ്യം വരുന്ന വൈദ്യുതി കാട്ടാക്കട - ബാലരാമപുരം 220 കെ.വി വൈദ്യുതി ലൈനിൽ നിന്നും ലഭ്യമാക്കുന്നതാണ്. ഇതിന്റെ പണി പുരോഗമിച്ചു വരുന്നു.<br><br><u>റോഡ്:</u> തുറമുഖത്തെ ദേശീയ പാത 66-മായി ബന്ധിപ്പിക്കുന്ന നാലുവരി പാതയുടെ നിർമ്മാണ ചുമതല സ്വകാര്യപങ്കാളിയായ അദാനി കമ്പനിക്കാണ്. റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമിയേറ്റെടുത്ത് സ്വകാര്യ പങ്കാളിക്ക് കൈമാറിയിട്ടുണ്ട്. തുറമുഖ പാതയും ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന |

| | | | |
|---|---|---|---|
| | | | ജംഗ് ഷന്റെ ഡിസൈന് NHAI യുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്.<br><br>ജല വിതരണം: 3.3 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ശുദ്ധ ജല വിതരണ പദ്ധതി ഇതിനോടകം പ്രവർത്തനമാരംഭിച്ചു. ടി പദ്ധതിയിൽ നിന്നും തദ്ദേശവാസികൾക്ക് സംസ്ഥാന ജല അതോറിറ്റിയുടെ (KWA) നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തി കുടിവെള്ള വിതരണം നടത്തുന്നുണ്ട്. |
| (സി) | ട്രെയിൻ ഗതാഗതവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും ഇത് എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറിയിക്കുമോ? | (സി) | വിഴിഞ്ഞം തുറമുഖത്തെ തിരുവനന്തപുരം-നാഗർകോവിൽ റെയിൽ പാതയുമായി ബന്ധിപ്പിക്കുന്ന ഭൂഗർഭ പാത നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് ഈ രംഗത്തെ വിദഗ്ധരായ കൊങ്കൺ റെയിൽ കോർപ്പറേഷനെ EPC കോൺട്രാക്ടറായി നിശ്ചയിച്ച് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അവർ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് (DPR) അനുസരിച്ച് 10.77 കി.മീ ദൈർഘ്യമുള്ള വിഴിഞ്ഞം-ബാലരാമപുരം റെയിൽ പാതയിൽ 9Km ഭൂഗർഭ പാതയാണ്. കൊങ്കൺ റെയിൽ കോർപ്പറേഷൻ തയ്യാറാക്കിയ ഡി.പി.ആർ ദക്ഷിണ റയിൽവേയ്ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും. ഡി.പി.ആർ. പ്രകാരം 42 മാസമാണ് പദ്ധതി പൂർത്തിയാക്കാൻ നിശ്ചയിച്ചിട്ടുള്ള കാലാവധി. |

**സെക്ഷൻ ഓഫീസർ**